## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4815 — 01.07.2013 ൽ മറുപടിയ്ക്ക്

### മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.ജയചന്ദ്രൻ | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലെ പരാമർശങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കർഷകരെയും ജനങ്ങളെയും പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രതികൂലമായി ബാധിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. റിപ്പോർട്ടിന്മേൽ വിശദമായ ചർച്ചക്കുള്ള പരിശോധനകൾ നടത്തുകയും വിദഗ്ധാഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. ഭൂവിനിയോഗം, ജനിതകമാറ്റം വരുത്തിയ വിത്തുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, മാലിന്യസംസ്ക്കരണം, കൃഷി, ജലവിഭവം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം (സർക്കാർ/സ്വകാര്യം), ജൈവ വൈവിധ്യം, ഖനനം, പാറമട/ മണലൂറ്റ്, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, ഇല്ലാത്തവ, ഊർജ്ജ മേഖല, ഗതാഗതം, ടൂറിസം, വിദ്യാഭ്യാ സം, ശാസ്ത്ര-സാങ്കേതികം, വിവര സാങ്കേതികം എന്നീ പ്രത്യേക മേഖലകളിൽ ഓരോ പരിസ്ഥിതി ലോല മേഖല കൾക്കും പ്രത്യേകം പ്രത്യേകം നിബന്ധനകൾ നിഷ്കർഷിച്ചിരുന്നു. ഇതിൽ സ്വീകാര്യമായവ, സ്വീകാര്യമല്ലാത്തവ എന്നിവ സംബന്ധിച്ച വിശദമായ അഭിപ്രായം സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിരുന്നു. |
| (സി) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്താണ്; | (സി) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പ്രധാന ഉള്ളടക്കം ചുവടെ ചേർക്കുന്നു.<br>1. പശ്ചിമഘട്ട പ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 1,64,280 ച.കിലോമീറ്റർ ആയിരിക്കും. |

അതിൽ 68,249 ച.കിലോമീറ്റർ വരുന്ന പ്രകൃത്യായുള്ള ഭൂപ്രദേശങ്ങളുടെ 90% അതായത് 59,940 ച.കിലോമീറ്റർ പരിസ്ഥിതി ലോല പ്രദേശങ്ങളായിരിക്കും.

2.പരിസ്ഥിതി ലോല പ്രദേശങ്ങളിൽ സംരക്ഷിത വനപ്രദേശങ്ങളും ഉൾപ്പെടും. എന്നാൽ വനമേഖലകളിൽ, നിലവിലുള്ള വനനിയമങ്ങൾ ബാധകമായിരിക്കും.

3 പൊതുതാല്പര്യം മുൻനിർത്തി കേന്ദ്ര സർക്കാർ, റിപ്പോർട്ടു പ്രകാരമുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉടനടി വിജ്ഞാപനം ചെയ്യണം. പശ്ചിമഘട്ട ത്തിൽ അവശേഷിക്കുന്ന ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് അടിയന്തിര ആവശ്യമായിരിക്കുന്നു.

4. വിജ്ഞാപനം ചെയ്യുന്ന പരിസ്ഥിതി ലോല മേഖലകളിൽ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾ ബാധകമാക്കണം.

5.പദ്ധതികൾ നടപ്പാക്കുന്നതിൽ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണങ്ങൾ ഫലപ്രദമാക്കാനായി സംസ്ഥാന സർക്കാരുകൾ വേണ്ട സംവിധാനങ്ങൾ ഒരുക്കണം. പശ്ചിമഘട്ട മേഖലകളിലെ ജില്ലകളിൽ വികസന സംരഭങ്ങൾ നിർദ്ദേശിക്കപ്പെടുമ്പോൾ, പരിസ്ഥിതി ലോല മേഖലകളിൽ നിന്നുള്ള ദൂരം അറിയിക്കാൻ വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെടണം.

6. പരിസ്ഥിതിലോല പ്രദേശങ്ങൾക്കായി ഒരു 'പശ്ചിമ ഘട്ട സുസ്ഥിര വികസന ഫണ്ട് 'പ്ലാനിംഗ് കമ്മീഷൻ രൂപീകരിക്കണം. 'ഹരിത വളർച്ച ' പ്രോത്സാഹിപ്പിക്കാനായി ഫണ്ട് ഉപയോഗ പ്പെടുത്തണം.

7. പരിസ്ഥിതി ലോല പ്രദേശങ്ങൾക്കായും ആവാസ വ്യവ സ്ഥ സംരക്ഷണത്തിനായും വിഹിതം നൽകുന്ന കാര്യം 14-ാം ധനകാര്യ കമ്മീഷൻ പരിഗണിക്കണം. പരിസ്ഥിതി സംരക്ഷണത്തിനായി

പ്രാദേശിക സമൂഹങ്ങൾക്ക് ഫണ്ട് നേരിട്ട് ലഭ്യമാക്കണം.

8. പശ്ചിമഘട്ടത്തിനായി ഒരു വിജ്ഞാന വിപണന സഹായ കേന്ദ്രം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് സ്ഥാപിക്കണം.

9. പരിസ്ഥിതി ലോല ഭൂപടങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാ ക്കണം.

10. പരിസ്ഥിതി ലോല പ്രദേശങ്ങളുടെ 10 കി.മീറ്ററിൽ വരുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന വികസന പദ്ധതികൾക്ക് 2006 ലെ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ (EIA) വിജ്ഞാപനം ബാധകമാക്കണം.

11. ഭാവി പദ്ധതികളിൽ പരി സ്ഥിതി ലോല പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് തീരുമാനമെടു ക്കാൻ അവസരം നൽകണം. വനാവകാശ നിയമ വ്യവസ്ഥ കൾ കർശനമായി നടപ്പാക്കണം.

12. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഉണ്ടായിരിക്കണം.

1.ഖനനം

മണൽ, പാറ – പൂർണ്ണമായ നിരോധനം

2. ഊർജ്ജം-താപവൈദ്യുത നിലയങ്ങൾ പാടില്ല. നിയന്ത്രണങ്ങൾക്കു വിധേയമായി ജലവൈദ്യുത പദ്ധതികൾ.

3. വ്യവസായം-'ചുവപ്പ് 'വിഭാഗത്തിൽപ്പെട്ടവ അനുവദനീയമല്ല.

4. വാസസങ്കേതങ്ങൾ-20,000 ച. മീറ്ററും അതിലധികവുമുള്ള നിർമ്മാണം അനുവദനീയമല്ല. മറ്റുള്ളവയെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിലെ 'എ' വിഭാഗത്തിൽപ്പെടുത്തി പരിഗണിക്കും.

5.വനപരിവർത്തനം- സുതാര്യ പ്രക്രിയ ഏർപ്പെടുത്തണം. മന്ത്രാലയത്തിന്റെ വെബ്സൈറ്റിലിടണം.

6.സുസ്ഥിര കൃഷി-സാംസ്ക്കാരിക പ്രദേശങ്ങൾ (കൃഷി, തോട്ടങ്ങൾ ഉള്ളവ) ഒഴിവാക്കി വനസംരക്ഷണം കൃഷി നിലനിർത്താൻ ആവശ്യമാണ്.

7. എക്കോടൂറിസം - പാരിസ്ഥിതിക ആഘാത പഠനം നിർബ്ബന്ധമാക്കണം. പ്രയോജനം പ്രാദേശിക ജനസമൂഹത്തിനും ലഭിക്കണം.

8.പ്രോൽസാഹനങ്ങൾ - കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കാൻ സംസ്ഥാനങ്ങൾ യത്നിക്കണം. സംസ്ഥാനങ്ങളുടെ കടം തട്ടിക്കിഴിക്കാൻ ഒരു ഭാഗം ഉപയോഗിക്കണം. വനങ്ങൾക്കായി ബാക്കി ഉപയോഗിക്കണം. ഗ്രാമവികസന പദ്ധതികളും, സംരക്ഷണ പദ്ധതികളുമായി സംയോജിപ്പിക്കണം.

13. നിയമ നടപടികൾ -പാരിസ്ഥിതിക പരിഗണനകൾ വികസന പദ്ധതികളിൽ നിർബ്ബന്ധമായി ഉൾപ്പെടുത്താനായി ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റ് വിഷയം 20 വിശദമാക്കാനായി 20 A എന്ന വിഷയം ഉൾപ്പെടുത്തണം.

14. പ്രത്യേക പദ്ധതി-നിലവിലുള്ള പശ്ചിമഘട്ട വികസന പദ്ധതിയുടെ അടങ്കൽ 1000 കോടിയായി ഉയർത്തണം. 90:10 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം നിശ്ചയിക്കണം.

15. 14-ാം ധനകാര്യ കമ്മീഷൻ- പരിസ്ഥിതി ലോല പ്രദേശങ്ങൾക്കായി പ്രത്യേക ധനസഹായം നല്കണം.

16. മുഖ്യമന്ത്രിമാർ ഉൾപ്പെടുന്ന പശ്ചിമഘട്ട പ്രദേശങ്ങൾക്കായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിക്കണം.

17. പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനതല വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപിച്ച് പ്രവർത്തിക്കാനായി ഒരു സംസ്ഥാനതല പശ്ചിമഘട്ട സെൽ രൂപീകരിക്കണം.

18. അതിരപ്പള്ളി പദ്ധതിയുടെ കാര്യത്തിൽ ഡാം കെട്ടിക്കഴിഞ്ഞാൽ ഒഴുകുന്ന വെള്ളത്തിന്റെ ലഭ്യത സംബന്ധിച്ച് തീർച്ചയില്ല. പദ്ധതി വന്നാൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക നാശവുമായി

| | |
|---|---|
| | തട്ടിച്ചു നോക്കുമ്പോൾ വൈദ്യുത ഉൽപ്പാദനം ലാഭകരമാകുമെങ്കിൽ, പുനർനിർണ്ണയം നടത്തിയശേഷം അനുമതിക്കായി സംസ്ഥാന സർക്കാരിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ സമീപിക്കാവുന്നതാണ് |
| (ഡി) കസ്തൂരിരംഗൻ റിപ്പോർട്ടിലെ പരാമർശങ്ങളിൽ ജനങ്ങൾക്കുണ്ടായ സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (ഡി) (ഇ) കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ അഭിപ്രായം സ്വരൂപിക്കുന്നതിനായി ഒരു സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഇക്കാര്യങ്ങളെല്ലാം തന്നെ ചർച്ച ചെയ്യാനാവുന്നതാണ്. |
| (ഇ) ജനവാസകേന്ദ്രങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | |

സെക്ഷൻ ഓഫീസർ